**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 796** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>അഴീക്കോട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ പ്രവർത്തനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. കെ. വി. സുമേഷ് ശ്രീ. മോൻസ് ജോസഫ്

(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** അഴീക്കോട് മണ്ഡലത്തിൽ ജലവിഭവ വകുപ്പിന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികളുടെ വിശദമായ വിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** അഴീക്കോട് നിയോജകമണ്ഡലത്തിലെ നാറാത്ത് , അഴീക്കോട്, വളപട്ടണം, ചിറക്കൽ , പാപ്പിനിശ്ശേരി എന്നീ പഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ പദ്ധതികളിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികളും കണ്ണൂർ കോർപ്പറേഷനിൽപ്പെട്ട പള്ളിക്കുന്ന്, പുഴാതി എന്നീ സോണുകളിൽ അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പ്രവൃത്തികളും പുരോഗമിച്ചുവരുന്നു . പ്രവൃത്തികളുടെ വിശദാംശം **അനുബന്ധം 1** ആയി ചേർക്കുന്നു .

അഴീക്കോട് മണ്ഡലത്തിൽ മേജർ ഇറിഗേഷന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു .

ഭൂജല വകുപ്പ് കണ്ണൂർ ജില്ലാ ഓഫീസ് മുഖേന അഴിക്കോട് മണ്ഡലത്തിൽ ഉൾപ്പെടുന്ന കണ്ണൂർ സെൻട്രൽ ജയിലിൽ ഭൂജല സംരക്ഷണവും,സംപോഷണവും എന്ന പ്ലാനിൽ ഉൾപ്പെടുത്തി റീചാർജ്ജ് കുളം പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. പദ്ധതിയുടെ അടങ്കൽ തുക 9,25,000/-രൂപയാണ്.

കാട്ടാമ്പള്ളി പദ്ധതിയുടെ പുനരധിവാസവുമായി ബന്ധപ്പെട്ട പ്രവൃത്തി ഭാഗികമായി നടന്നിട്ടുണ്ട്. പദ്ധതിയുടെ സിവിൽ പ്രവൃത്തികൾ തുടങ്ങാത്തതിനാൽ മെക്കാനിക്കൽ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. ടി പ്രവൃത്തിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ **അനുബന്ധം 3** ആയി ചേർക്കുന്നു .

**(ബി)** മേജർ, മൈനർ പ്രവൃത്തികൾ തരം തിരിച്ച് വിശദാംശങ്ങൾ ഉൾപ്പെടെ അറിയിക്കാമോ?

**<u>മറുപടി:</u>** മേജർ ഇറിഗേഷന്റെ കീഴിൽ നടത്തുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു.

അഴീക്കോട് മണ്ഡലത്തിൽ മൈനർ ഇറിഗേഷൻ കാര്യാലയത്തിനു കീഴിൽ നിലവിൽ പ്രവൃത്തികൾ ഒന്നും നടന്നു വരുന്നില്ല.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം 1**

| **കോർപ്പറേഷൻ** | **പദ്ധതി/ ഹെഡ്** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** | **ഭരണാനുമതി നൽകിയ കണക്ഷനുകളുടെ എണ്ണം (FHTCs+HTCs)** | **നൽകിയ കണക്ഷനുകളുടെ എണ്ണം (FHTCs+HTCs)** | **പുരോഗതി** |
|---|---|---|---|---|---|
| പുഴാതി, പള്ളിക്കുന്ന് (കണ്ണൂർ കോർപ്പറേഷൻ) | അമൃത് 2.0 | 6999 | 3600 | 840 | പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു ( 75 % പൂർത്തീകരിച്ചു ) |

**അഴീക്കോട് നിയോജക മണ്ഡലത്തിൽ ജൽ ജീവൻ മിഷൻ വഴി നടപ്പിലാക്കുന്ന പ്രവൃത്തികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിവരങ്ങൾ**

| പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | JJM നു മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | ഭരണാനുമതി നൽകിയ കണക്ഷൻ | ഭരണാനുമതി തുക (ലക്ഷം) | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ | നിലവിൽ മൊത്തം കണക്ഷൻ | ഇനി നൽകാനുള്ള കണക്ഷൻ | പുരോഗതി |
|---|---|---|---|---|---|---|---|---|
| വളപട്ടണം | 1623 | 825 | 798 | 722.87 | 448 | 1273 | 350 | 60% പ്രവൃത്തി പൂർത്തീകരിച്ചു . പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു . |
| അഴീക്കോട് | 13508 | 3852 | 9656 | 4866.25 | 8227 | 12079 | 1429 | |
| ചിറക്കൽ | 14194 | 4024 | 10170 | 6321.84 | 4313 | 8337 | 5857 | |
| നാറാത്ത് | 4820 | 1225 | 5458 | 4706.88 | 2476 | 3701 | 1119 | 64% പ്രവൃത്തി പൂർത്തീകരിച്ചു . പ്രവൃത്തികൾ പുരോഗമിച്ചു വരുന്നു . |
| പാപ്പിനിശ്ശേരി | 7567 | 1268 | 6299 | 1450.00 | 6548 | 7816 | 0 | ആവശ്യപ്പെട്ട മുഴുവൻ കണക്ഷനുകളും നൽകി പ്രവൃത്തികൾ പൂർത്തീകരിച്ചു ഹർ ഘർ ജൽ പഞ്ചായത്തായി പ്രഖ്യാപിച്ചു . |
| **ആകെ** | **41712** | **11194** | **32381** | **18067.84** | **22012** | **33206** | **8755** | |

**അനുബന്ധം 2**

| ക്രമ നം | പ്രവൃത്തിയുടെ പേര് | തുക (ലക്ഷ ത്തിൽ) | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | Reformation of the damaged seawall north CP Stone 2318 at Meenkunnu Kadappuram in Kannur District | 70.00 | പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു. ( 85% പൂർത്തിയായി.) |
| 2 | കാട്ടാമ്പള്ളി പുനരുദ്ധാരണ പ്രവൃത്തികൾ | 1100.00 | 2019-2020 വർഷത്തിലെ RKI ഫണ്ടിൽ സിവിൽ , മെക്കാനിക്കൽ പ്രവൃത്തികൾക്കായി യഥാക്രമം 240 ലക്ഷം , 430 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു . ഇലക്ട്രിക്കൽ പ്രവൃത്തികൾക്കായി 14.80 ലക്ഷം രൂപയും നൽകിയിരുന്നു. മെക്കാനിക്കൽ പ്രവൃത്തികൾ ഭാഗീകമായി പൂർത്തികരിച്ചിട്ടുണ്ട്. സൈറ്റിലെ സാഹചര്യം മൂലം സിവിൽ പ്രവൃത്തികൾ നടക്കാതെവന്നപ്പോൾ KERI , Peechi യുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ സിവിൽ പ്രവൃത്തികൾ റിവൈസ് ചെയ്തുകൊണ്ട് സമർപ്പിച്ച പുതുക്കിയ DPR (11 കോടി) പരിശോധിച്ചു വരുന്നു . |

**അനുബന്ധം 3**

| ക്രമ നം | പ്രവൃത്തിയുടെ പേര് | അനുവദിച്ച തുക | ഭൗതീക പുരോഗതി |
|---|---|---|---|
| 1. | RKI - Renovation of Kattampally Project in Chirakkal Panchayath - Kannur District | 3,67,43,751.00/- | 39% |